**മധുരമായ കുട്ടികളെ - നിങ്ങൾ ശിവജയന്തി ഉത്സവം വളരെ ഗംഭീരമായി ആഘോഷിക്കണം. ഇത് നിങ്ങൾക്ക് വളരെ വലിയ സന്തോഷത്തിന്റെ ദിനമാണ്, സർവ്വർക്കും ബാബയുടെ പരിചയം നല്കണം.**

**ചോദ്യം:-** ഏതു കുട്ടികളാണ് തനിക്കുതന്നെ വളരെ വലിയ ദോഷം ചെയ്യുന്നത്? നഷ്ടം എപ്പോഴാണുണ്ടാകുന്നത്?

**ഉത്തരം:-** ഏതു കുട്ടികളാണോ മുന്നോട്ടു പോകവേ പഠിത്തം ഉപേക്ഷിക്കുന്നത്, അവർ തനിക്ക് തന്നെ വളരെ വലിയ ദോഷം ചെയ്യുന്നു. ബാബ ദിവസവും ഇത്രയും വജ്രരത്നങ്ങൾ നല്കുന്നു, ഗഹനമായ പോയിന്റുകൾ കേൾപ്പിക്കുന്നു. അഥവാ ആരെങ്കിലും ദിവസവും കേൾക്കുന്നില്ല എങ്കിൽ നഷ്ടമുണ്ടാകുന്നു, തോറ്റു പോകുന്നു, സ്വർഗ്ഗത്തിലെ ഉയർന്ന ചക്രവർത്തി പദവി നഷ്ടമാക്കുന്നു, പദവി ഭ്രഷ്ടമായിപ്പോകുന്നു.

**ഗീതം:-**രാത്രിയിലെ യാത്രക്കാരാ തളരരുത്....

**ഓം ശാന്തി**. ഈ രാത്രിയും പകലുമൊക്കെ മനുഷ്യർക്കാണ്. ശിവബാബയ്ക്ക് രാത്രിയും പകലുമൊന്നുമില്ല. ഇതു നിങ്ങൾ കുട്ടികൾക്കാണ്, മനുഷ്യർക്കാണ്. ബ്രഹ്മാവിന്റെ രാത്രി ബ്രഹ്മാവിന്റെ പകലെന്ന് മഹിമ പാടാറുണ്ട്. ശിവന്റെ പകൽ, ശിവന്റെ രാത്രിയെന്ന് ഒരിക്കലും പറയാറില്ല. കേവലം ഒരു ബ്രഹ്മാവിന്റെ മാത്രമല്ല പറയുന്നത്. ഒരാളുടെ മാത്രം രാത്രി അല്ല. ബ്രാഹ്മണരുടെ രാത്രി എന്നു പാടപ്പെടുന്നു. ഇപ്പോൾ ഭക്തിമാർഗ്ഗത്തിന്റെ അന്ത്യമാണ്, അതോടൊപ്പം ഘോര അന്ധകാരത്തിന്റെയും അന്ത്യമാണ് എന്ന് നിങ്ങൾക്കറിയാം. ബ്രഹ്മാവിന്റെ രാത്രിയാകുമ്പോഴാണ് ഞാൻ വരുന്നത് എന്ന് ബാബ പറയുന്നു. നിങ്ങളിപ്പോൾ പകലിലേക്ക് പോകുന്നതിനു വേണ്ടി തയ്യാറായി കൊണ്ടിരിക്കുന്നു. നിങ്ങൾ ബ്രഹ്മാവിന്റെ സന്താനങ്ങളായി മാറുമ്പോൾ നിങ്ങളെ ബ്രാഹ്മണർ എന്നു പറയുന്നു. ബ്രാഹ്മണരുടെ രാത്രി പൂർണ്ണമായി കഴിയുമ്പോൾ പിന്നെ ദേവതകളുടെ പകൽ ആരംഭിക്കുന്നു. ബ്രാഹ്മണർ പോയി ദേവതകളാകുന്നു. ഈ യജ്ഞത്തിലൂടെ വളരെ വലിയ പരിവർത്തനമുണ്ടാകുന്നു. പഴയ ലോകം മാറി പുതിയതാകുന്നു. കലിയുഗം പഴയയുഗമാണ്, സത്യയുഗം പുതിയ യുഗമാണ്. പിന്നെ ത്രേതാ 25 ശതമാനം പഴയതാണ്, ദ്വാപരം 50 ശതമാനം പഴയതാണ്. യുഗത്തിന്റെ പേര് തന്നെ മാറുന്നു. കലിയുഗത്തെ എല്ലാവരും പഴയ ലോകമെന്നു പറയും. ഈശ്വരൻ എന്നു പറയുന്നത് ഈശ്വരീയ രാജ്യം സ്ഥാപിക്കുന്ന അച്ഛനെയാണ്. ബാബ പറയുന്നു- ഞാൻ കല്പകല്പം സംഗമയുഗത്തിൽ വരുന്നു. സമയമെടുക്കുമല്ലോ. ഇതൊരു സെക്കന്റിന്റെ കാര്യമാണ് എന്നാൽ വികർമ്മം വിനാശമാകുന്നതിൽ സമയമെടുക്കുന്നു. കാരണം അരകല്പത്തെ പാപം ശിരസ്സിലുണ്ട്. ബാബ സ്വർഗ്ഗത്തിന്റെ രചയിതാവാണെങ്കിൽ നിങ്ങൾ കുട്ടികളും സ്വർഗ്ഗത്തിന്റെ അധികാരികളാകും. എന്നാൽ ശിരസ്സിലുള്ള പാപത്തിന്റെ ഭാരത്തെ ഇറക്കുന്നതിൽ സമയമെടുക്കുന്നു. യോഗം ചെയ്യേണ്ടി വരുന്നു. തീർച്ചയായും തന്നെ ആത്മാവാണെന്ന് മനസ്സിലാക്കണം. മുൻപ് ബാബ എന്ന് പറയുമ്പോൾ ശാരീരിക അച്ഛന്റെ ഓർമ്മയാണ് വന്നിരുന്നത്. ഇപ്പോൾ ബാബ എന്നു പറയുമ്പോൾ ബുദ്ധി മുകളിലേക്കു പോകുന്നു. ഞങ്ങൾ ആത്മാക്കൾ ആത്മീയ അച്ഛന്റെ സന്താനങ്ങളാണെന്ന് ലോകത്തിൽ മറ്റാരുടെയും ബുദ്ധിയിൽ ഉണ്ടാവുകയില്ല. നമ്മളുടെ അച്ഛൻ, ടീച്ചർ, ഗുരു ആത്മീയമാണ്. ഓർമ്മിക്കുന്നതും ആ അച്ഛനെയാണ്. ഇത് പഴയ ശരീരമാണ്, ഇതിനെ എന്തലങ്കരിക്കാനാണ്. ഇപ്പോൾ നമ്മൾ വനവാസത്തിലാണ് എന്ന് ഉള്ളിന്റെ ഉള്ളിൽ മനസ്സിലാക്കുന്നു. അമ്മായിയച്ഛന്റെ വീടായ പുതിയ ലോകത്തിലേക്ക് പോകാൻ പോകുകയാണ്. പിന്നീട് ഒന്നും തന്നെ ഇവിടുണ്ടാവുകയില്ല. പിന്നെ നമ്മൾ പോയി വിശ്വത്തിന്റെ അധികാരികളാകും. ഇപ്പോൾ മുഴുവൻ ലോകം തന്നെ വനവാസത്തിൽ ഇരിക്കുന്നപോലാണ്, ഇവിടെ എന്താണുള്ളത്, ഒന്നും തന്നെയില്ല. അമ്മായിയച്ഛന്റെ വീട്ടിലായിരുന്നപ്പോൾ വജ്ര - രത്നങ്ങളുടെ കൊട്ടാരങ്ങൾ ഉണ്ടായിരുന്നു. സമ്പൽ സമൃദ്ധമായിരുന്നു. ഇപ്പോൾ വീണ്ടും അച്ഛന്റെ വീട്ടിൽ നിന്നും അമ്മായിയച്ഛന്റെ വീട്ടിലേക്കു പോകണം. ഇപ്പോൾ നിങ്ങൾ ആരുടെ അടുത്താണ് വന്നിരിക്കുന്നത്? ബാപ്ദാദയുടെ അടുത്താണെന്നു പറയും. ബാബ ദാദയിൽ പ്രവേശിച്ചിരിക്കുകയാണ്, ദാദ ഇവിടെ വസിക്കുന്നവനാണ്. ബാപ്ദാദ രണ്ടുപേരും കമ്പൈൻഡാണ്. പരമപിതാ പരമാത്മാ പതീത പാവനനാണ്. അഥവാ പരമാത്മാവിന്റെ ആത്മാവ് കൃഷ്ണനിലുണ്ടായിരുന്നുവെങ്കിൽ, ജ്ഞാനം കേൾപ്പിച്ചിരുന്നു എങ്കിൽ കൃഷ്ണനെയും ബാപ്ദാദ എന്നു വിളിക്കുമായിരുന്നു. എന്നാൽ കൃഷ്ണനെ ബാപ്ദാദ എന്നു വിളിക്കുന്നത് ശോഭിക്കുകയില്ല. ബ്രഹ്മാവിനെയാണ് പ്രജാപിതാവ് എന്നു പറയാറുള്ളത്. ഇത് അയ്യായിരം വർഷങ്ങളുടെ ചക്രമാണെന്ന് ബാബ മനസ്സിലാക്കിതന്നിട്ടുണ്ട്. 5000 വർഷങ്ങൾക്കു മുമ്പ് ഞങ്ങൾ ഈ പ്രദർശിനി കാണിച്ചിരുന്നു കൂടാതെ പരിധിയി

ല്ലാത്ത അച്ഛനിലൂടെ എങ്ങനെയാണ് സ്വർഗ്ഗത്തിന്റെ ആസ്തി എടുക്കേണ്ടതെന്ന് മനസ്സിലാക്കിതന്നിരുന്നു എന്ന് എഴുതണം. 5000 വർഷങ്ങൾക്കു മുമ്പത്തേതു പോലെ വീണ്ടും നമ്മൾ ത്രിമൂർത്തി ശിവജയന്തി ആഘോഷിക്കുന്നു. ഈ വാക്കുകൾ തീർച്ചയായും എഴുതണം. ഈ ബാബ നിർദ്ദേശങ്ങൾ നൽകുന്നു അതനുസരിച്ചു നടക്കണം. ശിവജയന്തിയുടെ തയ്യാറെടുപ്പുകൾ ചെയ്യണം. പുതിയ പുതിയ കാര്യങ്ങൾ കണ്ട് മനുഷ്യർ അത്ഭുതപ്പെടും. നല്ല ഷോയോടുകൂടി വെയ്ക്കണം. നാം ത്രിമൂർത്തി ശിവന്റെ ജയന്തി ആഘോഷിക്കുന്നു. അവധി കൊടുക്കുന്നു. ശിവജയന്തിയുടെ അവധി ഔദ്യോഗികമാണ്. ചിലർ ആഘോഷിക്കുന്നു, ചിലർ ചെയ്യാറില്ല. നിങ്ങൾക്ക് ഇത് വളരെ വലിയ ദിവസമാണ്. ക്രിസ്ത്യാനികൾ ക്രിസ്തുമസ് ആഘോഷിക്കാറുണ്ട്. വളരെ സന്തോഷത്തോടെ ആഘോഷിക്കുന്നു. അതുപോലെ നിങ്ങളും ഈ ദിവസം സന്തോഷത്തോടെ ആഘോഷിക്കണം. നാം പരിധിയില്ലാത്ത അച്ഛനിൽ നിന്നും ആസ്തിയെടുക്കുകയാണ് എന്ന് സർവ്വരോടും പറയണം. ആരറിയുന്നുവോ അവരേ സന്തോഷം ആഘോഷിക്കൂ. സെന്ററുകളിൽ പരസ്പരം കണ്ടുമുട്ടും. ഇവിടെയാണെങ്കിൽ എല്ലാവർക്കും വരാൻ സാധിക്കില്ല. നാം ജന്മദിനമാണ് ആഘോഷിക്കുന്നത്. ശിവബാബയ്ക്ക് മൃത്യു ഉണ്ടാവുകയില്ല. ശിവബാബ എങ്ങനെ വന്നുവോ അങ്ങനെ മടങ്ങിപ്പോകും. ജ്ഞാനം പൂർത്തിയാകുന്നതോടെ യുദ്ധവും തുടങ്ങും, അത്രതന്നെ. ബാബയ്ക്ക് സ്വന്തമായി ഒരു ശരീരമില്ല. നിങ്ങൾ കുട്ടികൾ തന്നെ ആത്മാവെന്ന് മനസ്സിലാക്കി പൂർണ്ണമായും ദേഹി അഭിമാനി ആകണം, ഇതിൽ പരിശ്രമം ഉണ്ട്. സത്യയുഗത്തിൽ ആത്മാഭിമാനികളായിരിക്കും. അവിടെ അകാല മൃത്യു ഉണ്ടാകുകയില്ല. ഇവിടെ ഇരിക്കെയിരിക്കേ തന്നെ കാലൻ വരുന്നു. ഹൃദയാഘാതമുണ്ടാകുന്നു. അപ്പോൾ പറയും ഈശ്വരന്റെ വിധി പോലെ, എന്നാൽ ഈശ്വരന്റെ വിധിച്ചതല്ല. നിങ്ങൾ പറയും ഡ്രാമയുടെ വിധി പ്രകാരമാണ്. ഡ്രാമയിൽ അവരുടെ പാർട്ട് അങ്ങനെയായിരുന്നു. ഇപ്പോൾ കലിയുഗ കാലഘട്ടമാണ്, പുതിയ ലോകം സുവർണ്ണകാലഘട്ടമായിരുന്നു. സത്യയുഗത്തിലെ കൊട്ടാരങ്ങൾ എത്ര വജ്രങ്ങളാൽ അലങ്കരിക്കപ്പെട്ടതായിരിക്കും. അളവറ്റ ധനമുണ്ടായിരിക്കണം എന്നാൽ അതിന്റെ പൂർണ്ണമായ വൃത്താന്തം ഇല്ല. ഭൂമികുലുക്കമൊക്കെ ഉണ്ടാകുമ്പോൾ തകർന്നടിഞ്ഞ് പോകുന്നു, മണ്ണിനടിയിൽ പോകുന്നു. ഇക്കാര്യങ്ങളെക്കുറിച്ച് ബുദ്ധി ഉപയോഗിച്ച് മനസിലാക്കണം. ഈ ആഹാരം ബുദ്ധിക്കു വേണ്ടിയുള്ളതാണ്. നിങ്ങളുടെ ബുദ്ധിയിപ്പോൾ മുകളിലേക്കു പോകുന്നു. രചയിതാവിനെ അറിയുന്നതിലൂടെ രചനയെക്കുറിച്ചും മനസ്സിലാക്കാൻ സാധിക്കും. മുഴുവൻ സൃഷ്ടിയുടെയും രഹസ്യം ബുദ്ധിയിൽ ഉണ്ട്. ഡ്രാമയിൽ വളരെ ശ്രേഷ്ഠമായത് ഭഗവാനാണ്. പിന്നെ ബ്രഹ്മാ, വിഷ്ണു, ശങ്കരൻ. നമുക്ക് ഈ മൂന്നു പേരുടെയും കർത്തവ്യത്തെക്കുറിച്ച് പറയാൻ കഴിയും, അവർക്ക് എന്തൊക്കെ പാർട്ടാണെന്ന് പറയാൻ സാധിക്കും. ജഗദംബയുടെ എത്ര വലിയ മേളയാണ് വെയ്ക്കാറുള്ളത്. ജഗദംബയ്ക്കും ജഗദ് പിതാവിനും പരസ്പരം എന്തു സംബന്ധമാണുള്ളത്? ഇതാർക്കും തന്നെ അറിയില്ല. കാരണം ഇത് ഗുപ്തമായ കാര്യമാണ്. അമ്മയായി മമ്മ ഇവിടെ ഇരിപ്പുണ്ട്, ദത്തെടുത്തതാണ്. അതുകൊണ്ട് ഇവരുടെ ചിത്രമുണ്ടാക്കിയിരിക്കുന്നു. ഇവരെ ജഗദംബ എന്നു പറയുന്നു. ബ്രഹ്മാവിന്റെ മകളാണ് സരസ്വതി. അമ്മ എന്ന ടൈറ്റിൽ നല്കിയിരിക്കുന്നു എന്നാൽ മകളായിരുന്നു. ബ്രഹ്മാകുമാരി സരസ്വതി എന്നാണ് ശരിയായത് . നിങ്ങൾ അവരെ മമ്മ എന്നു വിളിച്ചിരുന്നു. ബ്രഹ്മാവിനെ അമ്മ എന്നു വിളിക്കുമ്പോൾ അതു ശോഭിക്കയില്ല. ഇതു മനസ്സിലാക്കിക്കൊടുക്കുന്നതിലും വളരെ തെളിഞ്ഞ ബുദ്ധി വേണം. ഇത് ഗുഹ്യമായ കാര്യങ്ങളാണ്. നിങ്ങൾക്ക് ആരുടെ ക്ഷേത്രത്തിൽ പോയാലും പെട്ടെന്നു തന്നെ അവരുടെ കർത്തവ്യത്തെക്കുറിച്ച് മനസ്സിലാക്കാൻ സാധിക്കും. ഗുരുനാനാക്കിന്റെ ക്ഷേത്രത്തിൽ പോയാൽ അദ്ദേഹം വീണ്ടും എപ്പോൾ വരുമെന്ന് പെട്ടെന്നു പറയാൻ സാധിക്കും. അവർക്ക് ഒന്നുമറിയില്ല കാരണം കല്പത്തിന്റെ ആയുസിനെ വലുതാക്കി. നിങ്ങൾക്ക് വിശദീകരിക്കാൻ സാധിക്കും. ബാബ പറയുന്നു– നോക്കൂ, ഞാൻ നിങ്ങളെ എങ്ങനെയാണ് പഠിപ്പിക്കുന്നത്? എങ്ങനെയാണ് വരുന്നത്? കൃഷ്ണന്റെ കാര്യമേയില്ല. ഗീതാ പഠനം ചെയ്തുകൊണ്ടിരിക്കുന്നു, ചിലർ 18 അദ്ധ്യായവും ഓർമ്മിച്ചാൽ അവരുടെ എത്ര മഹിമയുണ്ടാകും. ഒരു ശ്ലോകം തന്നെ കേൾപ്പിച്ചാൽ ആഹാ! ആഹാ! ഇവരെപ്പോലെ വേറൊരു മഹാത്മാവില്ല എന്ന് പറയും. ഇന്നത്തെ കാലത്ത് വളരെ മന്ത്രവാദങ്ങളൊക്കെയുണ്ട്. മായാജാലങ്ങളൊക്കെ ഒരുപാട് കാണിക്കുന്നു. ലോകത്തിൽ ചതിവുകൾ വളരെയുണ്ട്. ബാബ നിങ്ങൾക്ക് എത്ര സഹജമായി മനസിലാക്കിതരുന്നു എന്നാൽ പഠിക്കുന്നവർക്കനുസരിച്ചിരിക്കുന്നു. ടീച്ചർ ഒരുപോലെ പഠിപ്പിക്കുന്നു ചിലർ പഠിക്കുന്നില്ലായെങ്കിൽ തോറ്റുപോകും. ഇതും തീർച്ചയായും സംഭവിക്കും. രാജധാനി പൂർണ്ണമായും സ്ഥാപിക്കപ്പെടണം. നിങ്ങൾ ഈ ജ്ഞാനസ്നാനം ചെയ്ത്, ജ്ഞാനത്തിൽ മുങ്ങിഉയരുന്നതിലൂടെ സ്വർഗ്ഗത്തിലെ ദേവത, അതായത് സ്വർഗ്ഗത്തിന്റെ അധികാരിയായിത്തീരും. രാത്രിയുടെയും പകലിന്റെയും വ്യത്യാസമുണ്ട്. അവിടെ തത്വവും സതോപ്രധാനമായതുകാരണം ശരീരവും പൂർണ്ണമായതായിരിക്കും. സ്വാഭാവിക സൗന്ദര്യമുണ്ടായിരിക്കും. അതാണ് ഈശ്വരനാൽ സ്ഥാപിക്കപ്പെട്ട ഭൂമി. ഇപ്പോൾ ആസുരിയ ഭൂമിയാണ്. സ്വർഗ്ഗം, നരകം തമ്മിൽ വളരെ വ്യത്യാസമുണ്ട്. ഇപ്പോൾ സംഖ്യാക്രമമായ പുരുഷാർത്ഥമനുസരിച്ച് നിങ്ങളുടെ ബുദ്ധിയിൽ ഡ്രാമയുടെ ആദി, മദ്ധ്യ, അന്ത്യത്തിന്റെ രഹസ്യം ഇരിപ്പുണ്ട്.

ബാബ പറയുന്നു – നല്ല രീതിയിൽ പുരുഷാർത്ഥം ചെയ്യൂ. പെൺകുട്ടികൾ പുതിയ പുതിയ സ്ഥലങ്ങളിൽ ചുറ്റിക്കറങ്ങാൻ പോകുന്നു. നല്ല അമ്മമാർ മുതലായവരുണ്ടെങ്കിൽ സേവനത്തെ ഉണ്ടാക്കണം. അഥവാ ആരെങ്കിലും സെന്ററിൽ വരുന്നില്ലാ എങ്കിൽ അവർ തന്റെ തന്നെ നഷ്ടം ഉണ്ടാക്കുകയാണ്. ആരെങ്കിലും പഠിക്കാൻ വരുന്നില്ല എങ്കിൽ അവർക്ക് കത്തെഴുതണം– നിങ്ങൾ പഠിക്കുന്നില്ല, അതുകൊണ്ട് നിങ്ങൾക്ക് വളരെ നഷ്ടമുണ്ടാകും, ദിവസേന വളരെയധികം ഗഹനമായ പോയിന്റുകൾ ലഭിക്കുന്നു. ഇതാണ് വജ്രവും രത്നവും, നിങ്ങൾ പഠിക്കുന്നില്ലായെങ്കിൽ തോറ്റുപോകും. ഇത്ര ഉയർന്ന സ്വർഗ്ഗത്തിലെ രാജ്യാധികാരം നഷ്ടമാകും. മുരളി ദിവസവും കേൾക്കണം ഇങ്ങനെയുള്ള ബാബയെ ഉപേക്ഷിച്ചാൽ തോറ്റുപോകും, പിന്നെ വളരെ കരയും എന്ന് ഓർമ്മയിൽ വയ്ക്കണം. രക്തക്കണ്ണീർ ഒഴുക്കും. പഠിത്തം ഒരിക്കലും ഉപേക്ഷിക്കാൻ പാടില്ല. ബാബ രജിസ്റ്റർ നോക്കുന്നു–എത്ര പേർ ദിവസവും വരുന്നുണ്ട്. ശ്രദ്ധ ഉണർത്തിക്കൊടുക്കണം. ശ്രീമതം പറയുന്നു – പഠിക്കുന്നില്ലെങ്കിൽ പദവി ഭ്രഷ്ടമാകും. വളരെ നഷ്ടമുണ്ടാകും, വന്ന് എഴുതുകയും പഠിക്കുകയും ചെയ്യൂ. ഇങ്ങനെ നോക്കിയാൽ നിങ്ങൾക്ക് സ്കൂളിനെ നല്ല രീതിയിൽ ഉയർത്താൻ സാധിക്കും. ആരെങ്കിലും വരുന്നില്ല എങ്കിൽ ഉപേക്ഷിച്ച് കളയരുത്. നമ്മളുടെ വിദ്യാർത്ഥികൾ കൂടുതലായി പാസ്സായില്ലെങ്കിൽ അഭിമാനം പോകും എന്ന് ടീച്ചറിന് വിചാരമുണ്ടായിരിക്കും. ബാബ എഴുതുന്നു– നിങ്ങളുടെ സെന്ററിൽ സേവനം കുറവായിട്ടാണ് നടക്കുന്നത്, ചിലപ്പോൾ നിങ്ങൾ ഉറങ്ങിക്കൊണ്ടിരിക്കുകയായിരിക്കും. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം തിരികെ കിട്ടിയ മധുരമധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണക്കുള്ള മുഖ്യമായ സാരം –

1. ഈ പഴയ ശരീരത്തെ അലങ്കരിക്കേണ്ടതില്ല. വനവാസത്തിൽ ഇരുന്ന് പുതിയ വീട്ടിലേക്ക് പോകുവാൻ വേണ്ടി തയ്യാറെടുപ്പ് നടത്തണം.

2. ദിവസവും ജ്ഞാനസ്നാനം ചെയ്യണം. ഒരിക്കലും പഠിത്തം മിസ്സാക്കരുത്.

## വരദാനം – മഹാനതയ്ക്കൊപ്പം വിനയത്തെ ധാരണ ചെയ്ത് സർവരുടെയും ബഹുമാനം പ്രാപ്തമാക്കുന്ന സുഖദായിയായി ഭവിക്കട്ടെ

മഹാനതയുടെ അടയാളം വിനയമാണ്. എത്ര മഹാനാണോ അത്രയും വിനീതൻ എന്തെന്നാൽ സദാ നിറഞ്ഞിരിക്കുന്നു. വൃക്ഷം എത്ര നിറയുന്നുവോ അത്രയും താഴ്ന്നിട്ടുണ്ടാകും. അപ്പോൾ വിനയമാണ് സേവനം ചെയ്യുന്നത്, ആര് വിനയമുള്ളവരാകുന്നുവോ സർവരിലൂടെയും മാനം നേടുന്നു. ആര് അഹങ്കാരത്തിൽ ഇരിക്കുന്നുവോ അവർക്ക് ആരും ബഹുമാനം നൽകുകയില്ല, അവരിൽ നിന്നു ദൂരെ പോകുന്നു. ആര് വിനയമുള്ളവരാണോ സുഖദായിയായിരിക്കും. അവരിൽ നിന്ന് ഏവരും സുഖത്തിന്റെ അനുഭൂതി ചെയ്യും. എല്ലാവരും അവരുടെ സമീപം വരാൻ ആഗ്രഹിക്കും.

## സ്ലോഗൻ –ഉദാസീനയ്ക്ക് മൊഴി ചൊല്ലുന്നതിനായി സന്തോഷങ്ങളുടെ ഖജനാവിനെ സദാ കൂടെ വെക്കൂ

### മാതേശ്വരിജിയുടെ മധുരമഹാവാക്യം

**ഗീതം:**–നയനഹീനർക്ക് വഴികാണിക്കൂ പ്രഭൂ.......
നയനഹീനർക്ക് വഴി പറഞ്ഞുകൊടുക്കൂ എന്ന ഗീതം മനുഷ്യർ പാടുന്നു എങ്കിൽ അതിനർത്ഥം വഴികാട്ടികൊടുക്കുന്നയാൾ ഒരേ ഒരു പരമാത്മാവാണ്, അതുകൊണ്ടാണ് പരമാത്മാവിനെ വിളിക്കുന്നത് കൂടാതെ വഴി പറഞ്ഞു തരൂ പ്രഭൂ എന്ന് വിളിക്കുമ്പോൾ തീർച്ചയായും മനുഷ്യർക്ക് വഴി കാണിച്ചുകൊടുക്കുവാനായി സ്വയം പരമാത്മാവിന് നിരാകാരരൂപത്തിൽ നിന്ന് സാകാരരൂപത്തിൽ തീർച്ചയായും വരേണ്ടി വരുന്നു, അപ്പോൾ സ്ഥൂലത്തിൽ വഴി പറഞ്ഞു തരും, വരാതെ വഴി പറഞ്ഞു തരാൻ സാധിക്കയില്ല. ഇപ്പോൾ

മനുഷ്യർ ആശയക്കുഴപ്പത്തിലാണ്, ആ മനുഷ്യർക്ക് വഴിയാവശ്യമാണ്. അതുകൊണ്ട് പരമാത്മാവിനോട് പറയുന്നു നയനഹീനർക്ക് വഴി കാണിച്ചുതരൂ പ്രഭോ.... പരമാത്മാവിനെ പിന്നെ തോണിക്കാരൻ എന്നും വിളിക്കുന്നു, പരമാത്മാവ് അക്കരയിലേക്ക് അഥവാ ഈ അഞ്ചു തത്വങ്ങളാൽ നിർമ്മിക്കപ്പെട്ടിരിക്കുന്ന സൃഷ്ടിയിൽ നിന്ന് കടന്ന് അക്കരെ അതായത് അഞ്ചു തത്വങ്ങളിൽ നിന്ന് ഉപരിയായ ആറാമത്തെ തത്വമായ അഖണ്ഡ ജ്യോതി മഹാ തത്വത്തിലേക്ക് കൂട്ടിക്കൊണ്ടു പോകും. അപ്പോൾ പരമാത്മാവിനും അവിടെ നിന്ന് ഇവിടേക്ക് വരണം. എങ്കിലേ കൂട്ടിക്കൊണ്ടുപോകാൻ സാധിക്കൂ. അതുകൊണ്ട് പരമാത്മാവിന് തന്റെ ധാമത്തിൽ നിന്ന് വരേണ്ടി വരുന്നു. അതുകൊണ്ടാണ് പരമാത്മാവിനെ തോണിക്കാരൻ എന്നു വിളിക്കുന്നത്. പരമാത്മാവ് തന്നെയാണ് നമ്മൾ തോണിയെ (ആത്മാവ്) അക്കരെ കൊണ്ടുപോകുന്നു. ഇപ്പോൾ ആരാണോ പരമാത്മാവിനോടൊപ്പം യോഗം വയ്ക്കുന്നത് അവരെ കൂടെ കൂട്ടിക്കൊണ്ടുപോകും. പിന്നെ ആരാണോ അവശേഷിക്കുന്നത് അവർ ധർമ്മരാജന്റെ ശിക്ഷകൾ അനുഭവിച്ച് പിന്നീട് മുക്തമാകും.

2. മുള്ളുകളുടെ ലോകത്തിൽ നിന്നും കൂട്ടിക്കൊണ്ടു പോകൂ പൂക്കളുടെ തണലിലേക്ക്,...... ഇങ്ങനെ വിളിക്കുന്നത് പരമാത്മാവിനെ മാത്രമാണ്. മനുഷ്യർ വളരെ ദുഃഖിതർ ആകുമ്പോൾ പരമാത്മാവിനെ ഓർമ്മിക്കുന്നു, പരമാത്മാ, മുള്ളുകളുടെ ലോകത്തിൽ നിന്നും കൂട്ടിക്കൊണ്ടു പോകൂ പൂക്കളുടെ തണലിലേക്ക്, ഇതിലൂടെ തെളിയിക്കപ്പെടുന്നത് തീർച്ചയായും അങ്ങനെയൊരു ലോകമുണ്ട്. ഇപ്പോൾ സർവ്വ മനുഷ്യർക്കും അറിയാം ഇപ്പോളത്തെ ഈ ലോകം മുള്ളുകളാൽ നിറഞ്ഞതാണ്. അതുകൊണ്ടാണ് മനുഷ്യർ ദുഃഖവും അശാന്തിയും പ്രാപ്തമാക്കുന്നത് കൂടാതെ പൂക്കളുടെ ലോകത്തെ ഓർമ്മിക്കുന്നതും. എങ്കിൽ തീർച്ചയായും അങ്ങനെ ഒരു ലോകം ഉണ്ടായിരിക്കും. ആ ലോകത്തിന്റെ സംസ്കാരം ആത്മാവിൽ നിറഞ്ഞിരിപ്പുണ്ട്. ഈ ദുഃഖവും അശാന്തിയും എല്ലാം കർമ്മബന്ധനത്തിന്റെ കണക്കുകളാണെന്ന് ഇപ്പോൾ നമ്മൾക്കറിയാം. രാജാവ് മുതൽ യാചകൻ വരെ ഓരോരോ മനുഷ്യരും ഈ കണക്കിനാൽ പൂർണ്ണമായും മുറുകെ പിടിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് പരമാത്മാവ് സ്വയം പറയുന്നു, ഇപ്പോഴത്തെ ലോകം കലിയുഗമാണ്, ഇത് മുഴുവനും കർമ്മബന്ധനത്താൽ ഉണ്ടാക്കപ്പെട്ടതാണ് കൂടാതെ മുമ്പുണ്ടായിരുന്ന ലോകം സത്യയുഗമായിരുന്നു അതിനെ പൂക്കളുടെ ലോകം എന്നു പറയുന്നു. അത് കർമ്മബന്ധനത്തിൽ നിന്നും ഉപരിയായിരുന്ന ജീവിതമുക്ത ദേവീദേവതമാരുടെ  രാജ്യമായിരുന്നു, അതിപ്പോളില്ല. ഇപ്പോൾ നമ്മൾ ജീവിതമുക്തി എന്നു പറയുന്നതിനർത്ഥം ഇങ്ങനെയല്ല, അതായത് നമ്മൾ ദേഹത്തിൽ നിന്നും മുക്തമായിരുന്നു, അവർക്ക് ദേഹത്തിന്റെ ഒരു ബോധമുണ്ടായിരുന്നില്ല എന്നല്ല എന്നാൽ അവർ ദേഹത്തിലിരുന്നുകൊണ്ടും ദുഃഖം അനുഭവിച്ചിരുന്നില്ല. അതായത് അവിടെ ഒരു കർമ്മബന്ധനത്തിന്റെയും കാര്യങ്ങളില്ലായിരുന്നു. അവർ ജീവിതം എടുക്കുമ്പോഴും ജീവിതം ഉപേക്ഷിക്കുമ്പോഴും ആദി മദ്ധ്യ അന്ത്യം സുഖം പ്രാപ്തമാക്കിയിരുന്നു. ജീവിതം ഉള്ളപ്പോഴും കർമ്മാതീതമായിരിക്കണം അതാണ് ജീവിതമുക്തി. ഇപ്പോൾ ഈ മുഴുവൻ ലോകവും അഞ്ചു വികാരങ്ങളാൽ മുറുകെ പിടിക്കപ്പെട്ടിരിക്കുന്നു, അതായത് അഞ്ചു വികാരങ്ങളുടെ പൂർണ്ണമായ വാസമാണുള്ളത്, എന്നാൽ മനുഷ്യർക്ക് ഈ അഞ്ചു ഭൂതങ്ങളെ ജയിക്കുവാൻ അത്രയ്ക്കു ശക്തിയില്ല, അപ്പോഴാണ് പരമാത്മാവ് സ്വയം വന്ന് നമ്മളെ അഞ്ചു ഭൂതങ്ങളിൽ നിന്നു മോചിപ്പിക്കുന്നത് കൂടാതെ ഭാവിയിലെ പ്രാലബ്ധമായ ദേവീ ദേവതാ പദവി പ്രാപ്തമാക്കി തരുന്നു. ശരി– ഓം ശാന്തി.